# ഇരിണാവ് യു.പി. സ്കുൾ

പാപ്പിനിശ്ശേരി ഉപജില്ല

പി.ഒ. ഇരിണാവ്

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2022 - 2028



# ഉള്ളടക്കം


| ക്രമ നം. | | | പേജ് നം. |
|---|---|---|---|
| 1 | അടിസ്ഥാന വിവരങ്ങൾ | | 3 |
| 2 | ആമുഖം | | 4,5 |
| 3 | കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ | | 6,7 |
| 4 | അവസ്ഥാപഠനം-ഭൗതിക സൗകര്യങ്ങൾ | | 8-10 |
| 5 | അവസ്ഥാപഠനം-സാമൂഹ്യ ഇടപെടലുകൾ | | 11 |
| 6 | അവസ്ഥാപഠനത്തില പ്രധാനകണ്ടെത്തലുകൾ | | 12 |
| 7 | പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും -ഭൗതിക മേഖല | | 13 |
| 8 | പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും -സാമൂഹ്യ ഇടപെടൽ മേഖല | | 14 |
| 9 | അവസ്ഥാപഠനം-അക്കാദമിക മേഖല | | 15 |
| 10 | ആക്ഷൻ പ്ലാൻ - ഭൗതിക സൗകര്യമേഖല | | 38 |
| 11 | ആക്ഷൻ പ്ലാൻ - സാമൂഹ്യ ഇടപെടലുകൾ | | |
| 12 | ആക്ഷൻ പ്ലാൻ - അക്കാദമിക മേഖല | | |

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| പേര് | ഇരിണാവ് യു.പി.സ്കൂൾ |
| വിലാസം | ഇരിണാവ്. പി.ഒ, കണ്ണൂർ ജില്ല |
| ഫോൺ | 04972868105 |
| സ്കൂൾ കോഡ് | 13661 |
| ഉപജില്ല | പാപ്പിനിശ്ശേരി |
| വിദ്യാഭ്യാസ ജില്ല | കണ്ണൂർ |
| റവന്യൂ ജില്ല | കണ്ണൂർ |
| ബി.ആർ.സി. | പാപ്പിനിശ്ശേരി |
| സി.ആർ.സി. | കല്ല്യാശ്ശേരി |
| ബ്ലോക്ക് പഞ്ചായത്ത് | കല്ല്യാശ്ശേരി |
| താലൂക്ക് | കണ്ണൂർ |
| ഇ.മെയിൽ | school13361@gmail.com |

## ആമുഖം

നമ്മുടെ നാട്ടിൽ ഇന്നുള്ള പല വിദ്യാലയങ്ങളും എഴുത്ത് പള്ളിക്കൂടങ്ങളിൽ നിന്ന് വികസിച്ചു വന്നവയാണ്. തുടക്കത്തിൽ മിക്കവയും ഏകാദ്ധ്യാപക വിദ്യാലയങ്ങളായിരുന്നു. സാമൂഹ്യസേവനതൽപരരും പുരോഗമന കാംക്ഷികളുമായ ചില വ്യക്തികളുടെ നിസ്വാർത്ഥമായ പ്രവർത്തനങ്ങളിലൂടെയാണ് പല വിദ്യാലയങ്ങളും വികസിച്ചുവന്നത്. ഇത്തരത്തിൽ സ്ഥാപിതമായ വിദ്യാലയങ്ങൾ അവ പ്രവർത്തിച്ച പ്രദേശത്തിന്റെ സാമൂഹ്യവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ സഹായിച്ചു. ഇന്നത്തെ സമൂഹത്തെ രൂപപ്പെടുത്തുന്നതിൽ നിർണ്ണായകവും ചരിത്രപരവുമായ പങ്ക് നിർവ്വഹിക്കാൻ കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ സ്ഥാപിതമായ ഗ്രാമീണവിദ്യാലയങ്ങൾക്ക് സാധിച്ചിട്ടുണ്ട്. നിരവധി പ്രശ്നങ്ങളെയും പ്രതിസന്ധികളെയും അതിജീവിച്ചാണ് അവ ഇന്നത്തെ രീതിയിലുള്ള ആധുനിക വിദ്യാലയങ്ങളായി മാറിയത്. 1920 കളിൽ ഗ്രാന്റ് ഇൻ എയ്ഡ് സമ്പ്രദായം ബ്രിട്ടീഷ് ഗവർമെന്റ് ഇവിടെ നടപ്പിലാക്കുന്നത് വരെ, മാനേജർമാരുടെയും അദ്ധ്യാപകരുടെയും സേവനതൽപരതയെ മാത്രം ആശ്രയിച്ചായിരുന്നു ഇത്തരം വിദ്യാലയങ്ങളുടെ പ്രവർത്തനം. അതായത് വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ നിന്ന് അവർക്ക് വരുമാനമൊന്നും ലഭിച്ചിരുന്നില്ല.

തുപ്പായി രാമൻ എന്നയാളുടെ വീട്ടിൽ വളരെ കുറച്ച് കുട്ടികളുമായി കെ.യം. ഗോവിന്ദൻ മാസ്റ്റർ ആണ് ഇന്നത്തെ ഇരിണാവ് യു.പി. സ്കൂളിന്റെ തുടക്കം കുറിച്ചത്. ആ സംഭവം 1920 കളിൽ ആയിരിക്കുമെന്ന് കരുതുന്നു. കുട്ടികൾ വർദ്ധിച്ച ശേഷം ഒന്ന് മുതൽ മൂന്ന് വരെ

ക്ലാസുകൾ ആറാം കൊവ്വലിൽ ആരംഭിച്ചു. 1932 ൽ സ്കൂൾ കപ്പക്കടവിലേക്ക് മാറ്റി. 1934 ൽ 1 മുതൽ 3 വരെ ക്ലാസുകൾക്ക് ഗവൺമെന്റ് അംഗീകാരം ലഭിച്ചു. 1936 ൽ 1 മുതൽ 8 വരെ ക്ലാസുകളുള്ള ഹയർ എലിമെന്ററി സ്കൂളായി അംഗീകാരം നേടി.

സ്വാതന്ത്ര്യ ലബ്ധിക്ക് ശേഷം 1957 ൽ ആണ് സ്കൂൾ ഇന്നുള്ള സ്ഥലമായ പയ്യാടത്തേക്ക് മാറ്റി സ്ഥാപിച്ചത്. ഇരിണാവ് കപ്പക്കടവിന് അടുത്ത് തന്നെ മറ്റൊരു യു.പി സ്കൂൾ പ്രവർത്തിച്ചിരുന്നതും, സ്ഥലപരിമിതിയുമാണ് സ്കൂൾ പുതിയ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കാനിടയാക്കിയ സാഹചര്യങ്ങൾ. ഹൈസ്കൂളിൽ പതിനൊന്നാം ക്ലാസ് എടുത്തു കളഞ്ഞതോടു കൂടി ഈ വിദ്യാലയത്തിലെ എട്ടാം ക്ലാസ് ഇല്ലാതാവുകയും, പേര് ഇരിണാവ് യു.പി.സ്കൂൾ എന്നായി മാറുകയും ചെയ്തു. ഈ വർഷം 2023 - 24 ൽ ഈ വിദ്യാലയം 90 ാം വാർഷികം ആഘോഷിക്കാൻ തയ്യാറെടുക്കുകയാണ്.

## കാഴ്ചപ്പാട്

ഓരോ വിദ്യാർത്ഥിക്കും അതത് തലങ്ങളിലുള്ള പഠനനേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി, ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന തരത്തിൽ വിദ്യാലയത്തിൽ നല്ല പഠനാന്തരീക്ഷവും പഠനരീതികളും സംജാതമാകുന്നു.

## ലക്ഷ്യങ്ങൾ

- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാകുന്നു.
- വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- വിദ്യാർത്ഥിക്ക് ക്ലാസ് മുറിയിലെ പഠന പ്രവർത്തനങ്ങൾക്ക് പുറമെ കലാ, കായിക, പ്രവൃത്തി പരിചയ പഠന പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
- പഠന പിന്തുണ സംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരു പോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.
- സുസ്ഥിര വികസനത്തിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ (കളിയുപകരണങ്ങൾ, മൈതാനം, ഉദ്യാനം, തുടങ്ങിയവ വിദ്യാർത്ഥി

സൗഹൃദമായി രൂപകല്പന ചെയ്യുകയും വിദ്യാർത്ഥികൾക്കെന്ന പോലെ സമൂഹത്തിനാകെ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

- ഓരോ ടീച്ചറും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ അറിവുകൾ നിരന്തരം പുനർ നിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്യുന്നു.

- വിദ്യാർത്ഥികൾ പരസ്പരവും, അദ്ധ്യാപകർ പരസ്പരവും അദ്ധ്യാപകരും വിദ്യാർത്ഥികളും തമ്മിലും, അദ്ധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ജനാധിപത്യപരമായ ബന്ധങ്ങൾ ഉണ്ടാക്കാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

- ഓരോ വിദ്യാർത്ഥിയേയും ഒരു യൂനിറ്റായി കണ്ട് കൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു.

- പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക നിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

- വിദ്യാർത്ഥികളിൽ ശരിയായ ചരിത്രാവബോധവും, സാമൂഹ്യബോധവും, ശാസ്ത്രബോധവും, മൂല്യബോധവും, ജനാധിപത്യബോധവും വളർത്തിയെടുക്കാനാവശ്യമായ പ്രവർത്തനങ്ങൾ രൂപകല്പന ചെയ്ത് നടപ്പിലാക്കുക.

# അവസ്ഥാപഠനം

# അവസ്ഥാപഠനത്തിലെ പ്രധാന കണ്ടെത്തലുകൾ

## ഭൗതിക സാഹചര്യങ്ങൾ

### ഭൗതിക സാഹചര്യത്തിന്റെ അവസ്ഥ

| ക്രമ നം | ഭൗതിക സൗകര്യത്തിന്റെ പേര് | മെച്ചപ്പെട്ട രീതിയിൽ ഉണ്ട് | ഉണ്ടെങ്കിലും മെച്ചപ്പെടുത്തേണ്ടത് | ഉണ്ടെങ്കിലും വളരെയധികം മെച്ചപ്പെടുത്തേണ്ടതോ പുതുതായി സ്ഥാപിക്കേണ്ടതോ ആണ് | ഇല്ല |
|---|---|---|---|---|---|
| 1 | പരിസ്ഥിതി സൗഹൃദ വിദ്യാർത്ഥി സൗഹൃദ സ്കൂൾ - ക്ലാസ് അന്തരീക്ഷം | | ✓ | | |
| 2 | വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ലബോറട്ടറികൾ | | | ✓ | |
| 3 | ഓരോ ക്ലാസിനും അനുയോജ്യമായ ലൈബ്രറികൾ | | | ✓ | |
| 4 | കളിസ്ഥലം/മൈതാനം | | | | ✓ |
| 5 | മതിയായ എണ്ണം ശുചിമുറികൾ | | ✓ | | |
| 6 | ശുദ്ധജല ലഭ്യത | | ✓ | | |
| 7 | അടുക്കള | | ✓ | | |
| 8 | ഇരുന്ന് കഴിക്കാനുള്ള ഭക്ഷണശാല | | | | ✓ |

| | | | | | |
|---|---|---|---|---|---|
| 9 | വിദ്യാർത്ഥി സൗഹൃദ ഭിന്നശേഷി സൗഹൃദ ഫർണിച്ചർ | | ✓ | | |
| 10 | സ്മാർട്ട് ക്ലാസ് മുറി, ഐ.ടി. ലാബ് | | ✓ | | |
| 11 | ചുറ്റുമതിൽ | | | ✓ | |
| 12 | സ്കൂളിലേക്കുള്ള റോഡ് സൗകര്യം | ✓ | | | |
| 13 | ഓഫീസ് മുറി | ✓ | | | |
| 14 | സ്റ്റാഫ് മുറി | | | | ✓ |

# അവസ്ഥാ പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ

## സാമൂഹ്യ ഇടപെടലുകൾ

| ക്രമ നം | സാമൂഹ്യ ഇടപെടൽ മേഖലകൾ | വളരെ മെച്ചപ്പെട്ടത് | മെച്ചപ്പെട്ടത് | മെച്ചപ്പെടേണ്ടത് | വളരെ മെച്ചപ്പെടേണ്ടത് |
|---|---|---|---|---|---|
| 1 | പി.ടി.എ പ്രവർത്തനം | | ✓ | | |
| 2 | മദർ പി.ടി.എ പ്രവർത്തനം | | ✓ | | |
| 3 | എസ്.എം.സി | | | | |
| 4 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണ | | ✓ | | |
| 5 | പൂർവ്വ വിദ്യാർത്ഥികളുടെ | | | ✓ | |
| 6 | വിദ്യാലയ വികസന സമിതി | | | | ✓ |
| 7 | വിവിധ വകുപ്പുകൾ എസ്.എസ്.കെ എന്നിവയുടെ പിന്തുണ | | ✓ | | |
| 8 | സന്നദ്ധ സംഘടനകൾ ക്ലബുകൾ | ✓ | | | |
| 9 | പ്രാദേശിക വിദഗ്ദ്ധർ | | | ✓ | |

## അവസ്ഥാ പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ

### അദ്ധ്യാപകർ

| ക്രമ നം | സാഹചര്യം | പൂർണ്ണമാണ് | മെച്ചപ്പെടേണ്ടിയിരിക്കുന്നു | വളരെയധികം മെച്ചപ്പെടേണ്ടിയിരിക്കുന്നു | ഇല്ല |
|---|---|---|---|---|---|
| 1 | സ്വതന്ത്രവും നിർഭയുമായ പഠനാന്തരീക്ഷം | ✓ | | | |
| 2 | മദർ പി.ടി.എ പ്രവർത്തനം | | ✓ | | |
| 3 | ആവശ്യമായ പ്രാദേശിക വിഭവങ്ങൾ | ✓ | | | |
| 4 | സാമൂഹ്യ പിന്തുണ | ✓ | | | |
| 5 | അദ്ധ്യാപക രക്ഷാകർത്തൃബന്ധം | ✓ | | | |
| 6 | ദൈനംദിനാസൂത്രണവും സമഗ്രാസൂത്രണവും | | ✓ | | |
| 7 | അദ്ധ്യാപകർ പരസ്പരവും, അദ്ധ്യാപകരും വിദ്യാർത്ഥികളും അദ്ധ്യാപകരും സമൂഹവും തമ്മിലുള്ള ഊഷ്മളമായ ജനാധിപത്യപരമായ ബന്ധം | | ✓ | | |

## പ്രശ്നങ്ങൾ മുൻഗണനാക്രമത്തിൽ പരിഹാര നിർദ്ദേശങ്ങളും ഭൗതിക സാഹചര്യം

| ക്രമ നം | പ്രശ്നങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ |
|---|---|---|
| 1 | കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ ശുചി മുറികൾ ഇല്ല | കെട്ടിട നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. താഴത്തെ നിലയിൽ ഉണ്ടാക്കിയത് പോലെ ഒന്നാം നിലയിലും രണ്ടാം നിലയിലും ശുചിമുറികൾ വരുന്നുണ്ട്. അങ്ങനെ വന്നാൽ ഈ പ്രശ്നത്തിന് ഏറെ കുറെ പരിഹാരമാകും. പൂർണമാകില്ല. ഒരു ഗേൾസ് ഫ്രന്റ്ലി ടോയ്‌ലറ്റ് പഞ്ചായത്തിൽ നിന്ന് പ്രതീക്ഷിക്കുന്നു. |
| 2 | ലബോറട്ടറി, ലൈബ്രറി എന്നിവയ്ക്ക് പ്രത്യേകം മുറികളില്ല | കെട്ടിടനിർമ്മാണം പൂർത്തിയാകുന്നതോടു കൂടി ഈ പ്രശ്നത്തിന് പരിഹാരമുണ്ടാകും. |
| 3 | അടുക്കള സ്മാർട്ടല്ല | സമൂഹ പങ്കാളിത്തത്തോടെ ഈ പ്രശ്നത്തെ അഭിസംബോധന ചെയ്യാൻ പഞ്ചായത്തിന് ഒരു പ്രൊജക്ട് ഉണ്ടാകണം. |
| 4 | കളിസ്ഥലമില്ല | സ്കൂളിനടുത്ത് കളിസ്ഥലമായി ഉപയോഗിക്കാവുന്ന സ്വകാര്യ വ്യക്തികളുടെ സ്ഥലമുണ്ട്. ഒന്നുകിൽ മാനേജ്മെന്റ് അത് വാങ്ങി സ്കൂളിന്റെ കളിസ്ഥലമാക്കണം. അല്ലെങ്കിൽ കളിസ്ഥലങ്ങൾക്ക് വേണ്ടിയുള്ള സർക്കാർ ഫണ്ട് ഉഫയോഗപ്പെടുത്തി അത് വാങ്ങുകയും ആ വാർഡിലെ പൊതു കളിസ്ഥലമായി പ്രഖ്യാപിക്കുകയും ചെയ്യണം. |
| 5 | പഠനോപകരണങ്ങളുടെ ലഭ്യത കുറവ് | ഒരു പഠനോപകരണ നിർമ്മാണ ശില്പശാല വെച്ച് ഈ പ്രശ്നത്തിന് പരിഹാരം തേടാം. എസ്.എസ്.കെ, പഞ്ചായത്ത് എന്നിവയുടെ സഹായം പ്രതീക്ഷിക്കുന്നു. |
| 6 | കുട്ടികൾക്ക് ഇരുന്ന് ഭക്ഷണം കഴിക്കാനുള്ള ഡൈനിംഗ് ഹാൾ ഇല്ല. | കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതോടു കൂടി, പൂർവ്വ വിദ്യാർത്ഥികളുടെ പിന്തുണയോടു കൂടി ഈ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

## പ്രശ്നങ്ങൾ മുൻഗണനാക്രമത്തിൽ

## സാമൂഹ്യ ഇടപെടലുകൾ

| ക്രമ നം | പ്രശ്നങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ |
|---|---|---|
| 1 | പി.ടി.എ, മാതൃസമിതി എന്നിവയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടേണ്ടതുണ്ട്. | പ്രവർത്തനത്തിന് കൂടുതൽ സമയം കണ്ടെത്താൻ കഴിയുന്നവരെ ഉൾക്കൊള്ളിച്ച് ഈ സമിതികൾ വിപുലപ്പെടുത്തണം. യോഗങ്ങളുടെ എണ്ണവും പങ്കാളിത്തവും വർദ്ധിപ്പിക്കണം. |
| 2 | സ്കൂളിന്റെ ഭൗതിക സാഹചര്യ വികസനത്തിൽ രക്ഷാകർത്തൃ പിന്തുണ ഉണ്ടെങ്കിലും മെച്ചപ്പെട്ട സാമൂഹ്യ പിന്തുണ ഉറപ്പിക്കാൻ കഴിയുന്നില്ല | വിദ്യാലയ വികസന സമിതി പുനരുജ്ജീവിപ്പിക്കണം. പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ നടത്തണം. അവരുടെ പിന്തുണ തേടണം. സംസ്കാരിക സ്ഥാപനങ്ങളുമായി ചേർന്ന് കൊണ്ട് സ്കൂൾ പരിപാടികൾ സംഘടിപ്പിക്കണം. |
| 3 | ഗ്രാമപഞ്ചായത്ത് വിദ്യാലയങ്ങൾക്ക് നല്ല പിന്തുണ നൽകുന്നുണ്ടെങ്കിലും സാമൂഹ്യമായ വിലയിരുത്തൽ വേണ്ടത്ര നടക്കുന്നില്ല. | പഞ്ചായത്ത് തല മോണിറ്ററിംഗ് ടീമിന് രൂപം നൽകണം. ഈ ടീം സ്കൂൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ ശുചിത്വ നിലവാരം ലഹരിയുടെ സാധ്യത തുടങ്ങിയ കാര്യങ്ങൾ വിലയിരുത്തണം. |

## ക്ലാസ്സ് -3

### അവസ്ഥാപഠനം

ആകെ കുട്ടികൾ - 27

ക്ലാസ് ടീച്ചർ - ശരണ്യ.ഇ.എൻ

## വിലയിരുത്തിയ രീതി

### മലയാളം

1. ഉച്ചാരണശുദ്ധിയോടെ, ഒഴുക്കോടെ വായിക്കാൻ കഴിയുന്നു. വായിച്ച് ആശയം ഗ്രഹിക്കുകയും, വായനയുടെ വിവിധ തലങ്ങളിലൂടെ സ്വതന്ത്രമായ ചിന്ത രൂപപ്പെടുത്തുന്നു.

**ഫലം**

- ആശയ വ്യക്തതയോടെ സ്വതന്ത്രമായി വായിക്കുന്നു - 19%
- അധ്യാപികയുടെ സഹായത്തോടെ വായിക്കുന്നു - 34%
- വായിക്കാൻ ശ്രമിക്കുന്നു - 46%

2. സ്വന്തം ആശയങ്ങൾ തെറ്റു കൂടാതെ ഉചിതമായ വ്യവഹാര രൂപത്തിൽ എഴുതുന്നു. അക്ഷരം, പദം, വാക്യം എന്നിവ നിശ്ചിത അകലം പാലിച്ച് എഴുതിയിട്ടുണ്ട്. അക്ഷരതെറ്റില്ലാതെ വാക്യഘടന പാലിച്ച് എഴുതിയിട്ടുണ്ട്.

**ഫലം**

- തെറ്റ് കൂടാതെ എഴുതുന്നു - 34%
- ഏതാനും തെറ്റുകളോടു കൂടി എഴുതുന്നു - 53%
- വളരെ കൂടുതൽ തെറ്റുകളോടു കൂടി എഴുതുന്നു - 11%

## Evaluation Indicators

## English

1. **Reads and comprehensions Simple Stories.**

Comprichendind a passage through reading, identify theme, read and visualise

**Result**

- Very good - 42%
- Neads support and improvement – 38%
- Area of concerm – 20 %

2. **Writing –** Intiuates to engage in organic writing Proper initiation and conclusion, variety in sentence forms, Ideas are arrange in the proper sequences.

**Result**

- Good – 42%
- Need support - 42%
- Area of concern – 16%

# E.V. S

1. **വർഗ്ഗീകരണം** - പ്രത്യേകതകൾ അനുസരിച്ച് സസ്യങ്ങളെ പല വിഭാഗങ്ങളിലായി തരം തിരിക്കാൻ കഴിയുന്നു.
(മരങ്ങൾ, ചെറിയ ചെടികൾ, വള്ളിച്ചെടികൾ)

**ഫലം**

- സ്വന്തം നിലയിൽ വർഗ്ഗീകരണം പൂർത്തീകരിച്ചവർ - 61%
- ഭാഗീകമായി വർഗ്ഗീകരണം പൂർത്തീകരിച്ചവർ - 30%
- വർഗ്ഗീകരിക്കാൻ ശ്രമിച്ചവർ - 8%

2. **നിരീക്ഷണം-** പരിസരം നിരീക്ഷിച്ച് ജീവനുള്ളവ, ജീവനില്ലാത്തവ എന്നിവ തിരിച്ചറിഞ്ഞ് അവയുടെ പ്രത്യേകതകൾ കണ്ടെത്താൻ കഴിയുന്നു.

**ഫലം**

- പട്ടികപ്പെടുത്താനും, പ്രത്യേകതകൾ പറയുവാനും കഴിയുന്നവർ - 76%
- ഭാഗീകമായി പൂർത്തീകരിച്ചവർ - 23%
- ശ്രമം നടത്തിയവർ - 3%

3. **വ്യാഖ്യാനം** - വേര്, തണ്ട്, കായ എന്നിവയുടെ ധർമ്മങ്ങൾ തിരിച്ചറിഞ്ഞ് വിശദീകരിക്കാൻ കഴിയുന്നു.

**ഫലം**

- സ്വതന്ത്രമായി വർഗ്ഗീകരണം പൂർത്തീകരിച്ചവർ - 38%
- ഭാഗീകമായി പൂർത്തീകരിച്ചവർ - 57%
- ശ്രമം നടത്തിയവർ - 3%

# ഗണിതം

1. വ്യാഖ്യാനം - 999 വരെയുള്ള സംഖ്യകൾ വായിക്കുന്നു. സംഖ്യ കളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു.

   ഫലം

   - സ്വന്തം നിലയിൽ പൂർത്തീകരിച്ചവർ - 84%
   - അധ്യാപികയുടെ സഹായത്തോടെ കഴിയുന്നവർ - 11%
   - ഇനിയും മെച്ചപ്പെടേണ്ടതുണ്ട് - 3%

2. **ഗണിതഭാഷ, പ്രശ്നപരിഹരണം** - സംഖ്യാപരമായ ബന്ധങ്ങൾ കണ്ടെത്തുവാനും പട്ടിക വിശദീകരിക്കാനും കഴിയുന്നു, സ്വയം വായിച്ചു മനസ്സിലാക്കി ഉചിത ക്രിയ തെരഞ്ഞെടുത്ത് പരിഹരിക്കുന്നു.

   **ഫലം**

   - സ്വന്തമായി ക്രമീകരിക്കുന്നു - 88%
   - ടീച്ചറുടെ സഹായത്തോടെ കഴിയുന്നവർ - 7%
   - ഇനിയും മെച്ചപ്പെടേണ്ടവർ- 3%

| ക്രമ നം | മേഖല | പ്രശ്നം | ലഘു തരം | ഗുരു തരം | തീവ്രം |
|---|---|---|---|---|---|
| 1 | വായന (വായിച്ച് ആശയം ഗ്രഹിക്കുന്നു. വായനയുടെ വിവിധ തലങ്ങളിലൂടെ സ്വതന്ത്രമായ ചിന്ത രൂപപ്പെടുത്തുന്നു) | • വായനയിലൂടെ ആശയം ഗ്രഹിക്കാൻ കഴിയുന്നില്ല | ✓ | | |
| | | • അർത്ഥമറിയില്ല | ✓ | | |
| | | • അക്ഷരങ്ങളും ചിഹ്നങ്ങളും തിരിച്ചറിയാൻ കഴിയുന്നില്ല | | ✓ | |
| 2 | ലേഖനം (സ്വന്തം ആശയങ്ങൾ തെറ്റുകൂടാതെ ഉചിതമായ വ്യവഹാര രൂപത്തിൽ എഴുതുന്നു) | • അക്ഷരതെറ്റില്ലാതെ വാക്യഘടന പാലിച്ച് എഴുതാൻ കഴിയുന്നില്ല | ✓ | | |
| | | • അനുയോജ്യമായ ഭാഷ, പദങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ ഉപയോഗിക്കാൻ കഴിയുന്നില്ല. | | | |
| 3 | ഗണിതം - മൂന്നക്കങ്ങൾ ഉപയോഗിച്ച് വ്യത്യസ്ത മൂന്നക്ക സംഖ്യകൾ ഉണ്ടാക്കുന്നു. സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | • മൂന്നക്ക സംഖ്യകൾ തിരിച്ചറിയാൻ സാധിക്കുന്നില്ല | | ✓ | |
| | | • സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുവാൻ കഴിയുന്നില്ല | ✓ | | |
| 4 | പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സങ്കലന ക്രിയ ഉപയോഗിക്കുന്നു. | • സങ്കലനക്രിയ (രണ്ട്, മൂന്ന്) സംഖ്യകൾ സ്ഥാന വില അനുസരിച്ച് ക്രമപ്പെടുത്തി ക്രിയ ചെയ്യുവാൻ സാധിക്കുന്നില്ല. | | | ✓ |

## പരിഹാര നിർദ്ദേശങ്ങൾ

## മലയാളം, ഇംഗ്ലീഷ് - മേഖല(വായന), (ലേഖനം)

- **പങ്കാളിത്ത പാഠം രൂപീകരണം** - കുട്ടികളുടെ ചിന്തയിൽ നിന്നും പാഠങ്ങൾ രൂപപ്പെടുത്തണം. കുട്ടികളിൽ നിന്നും വികസിപ്പിക്കുന്ന പാഠങ്ങൾ ലളിതവും അവർക്ക് വഴങ്ങുന്നതുമാകും.

- **സ്വയം തിരുത്തൽ (മലയാളത്തിളക്കം മാതൃക)**
  കുട്ടികളിൽ സ്വയം തിരുത്തൽ പരിശീലിപ്പിക്കാം. ഇതുവഴി ഭാഷാപരമായ കുട്ടികളുടെ ഉയർച്ചതാഴ്ചകൾ ബോധ്യപ്പെടാൻ സാധിക്കും. സ്വന്തം എഴുത്തിനെ ടീച്ചറുടെ രചനയുമായി പൊരുത്തപ്പെടുത്തുന്ന കുട്ടി ഓരോ വാക്കും, അക്ഷരവും, ചിഹ്നവും പരിശോധിച്ച് പ്രശ്നങ്ങൾ സ്വയം കണ്ടെത്തും.
  ഉദാ - മദുരമുള്ള പഴം - മധുരമുള്ള പഴം
  പ്രശ്നങ്ങൾ കണ്ടെത്തിയാൽ ആ വാക്കിന് ചുറ്റും വട്ടമിടണം. വെട്ടാനോ തുടയ്ക്കുവാനോ പാടില്ല. ഇനി റബ്ബർ ഉപയോഗിക്കില്ല എന്നത് നിയമമായി സ്വീകരിക്കാം.

- **സ്വയം തിരുത്തൽ (മലയാളത്തിളക്കം മാതൃക)**
  കുട്ടികളിൽ സ്വയം തിരുത്തൽ പരിശീലിപ്പിക്കാം. ഇതുവഴി ഭാഷാപരമായ കുട്ടികളുടെ ഉയർച്ചതാഴ്ചകൾ ബോധ്യപ്പെടാൻ സാധിക്കും. സ്വന്തം എഴുത്തിനെ ടീച്ചറുടെ രചനയുമായി പൊരുത്തപ്പെടുത്തുന്ന കുട്ടി ഓരോ വാക്കും, അക്ഷരവും, ചിഹ്നവും പരിശോധിച്ച് പ്രശ്നങ്ങൾ സ്വയം കണ്ടെത്തും.

- കുട്ടികൾ വരുത്തുന്ന പ്രശ്നങ്ങൾ പലതാണ്. ഏതേതു പ്രശ്നങ്ങളാണ് സംഭവിക്കുകയെന്ന് മുൻകൂട്ടി കൃത്യമായി നിശ്ചയിക്കാനാവില്ല. അതിനാൽ വ്യക്തിഗത ശ്രദ്ധയും ക്ലാസ് ക്രമീകരണവും ആവശ്യമാണ്. അതിനാൽ മറ്റു അധ്യാപകർ, Per Group രക്ഷിതാക്കൾ തുടങ്ങിയവരുടെ സഹായം വേണ്ടിവരും.

- **ആത്മവിശ്വാസം വളർത്തണം**

  തെറ്റുകൾ വന്നോട്ടെ, തിരുത്തി മുന്നേറാമല്ലോ എന്ന ചിന്ത വളർത്തിയെടുക്കാം.

- വായന കാർഡുകൾ, വായനകേളികൾ , അക്ഷരക്കളി എന്നിവ മാതൃഭാഷാപഠനം രസകരമായ അനുഭവമാക്കി മാറ്റുവാൻ കഴിയും. കളികളിലൂടെ അവതരിപ്പിച്ചാൽ വ്യാകരണവും, വാക്യഘടനയും, പദപ്രയോഗങ്ങളുമെല്ലാം എളുപ്പത്തിൽ കുട്ടികൾക്ക് മനസ്സിലാക്കാൻ കഴിയും.

- **ഗണിത വിജയം മാതൃകയിൽ സമീപനം നടത്താം**

  ഗണിത പ്രവർത്തനത്തിൽ ലയിച്ചു ചേർന്ന് ആസ്വദിക്കുന്നതിന് ഊന്നൽ നൽകി ഗണിത പഠനം ഫലപ്രദമാക്കുന്ന സമീപനം.

# ഇരിണാവ് യു.പി.സ്കൂൾ

## അക്കാദമിക് മാസ്റ്റർ പ്ലാൻ

### അവസ്ഥാപഠനം

| | | |
|---|---|---|
| ക്ലാസ് | : | 3A |
| ക്ലാസ് ടീച്ചർ | : | ഷീന ചന്ദ്രൻ |
| ആകെ കുട്ടികൾ | : | 7 |
| വിഷയം | : | മലയാളം |
| മേഖല | : | വായന |

### വിലയിരുത്തിയ രീതി

1. ഉച്ചാരണശുദ്ധിയോടെ ഒഴുക്കോടെ വായിക്കാൻ കഴിയുന്നു

**റിസൽട്ട്**

- ➢ ആശയവ്യക്തതയോടെ സ്വതന്ത്രമായി വായിക്കുന്നു - 5 72%
- ➢ അധ്യാപികയുടെ സഹായത്തോടെ വായിക്കുന്നു - 1 14%
- ➢ വായിക്കാൻ ശ്രമിക്കുന്നു - 1 14%

2. **മേഖല - ലേഖനം**

- ➢ ആശയങ്ങൾ ഉൾക്കൊണ്ട് സവിശേഷതകൾ ഉൾപ്പെടുത്തി തെറ്റു കൂടാതെ എഴുതുന്നു - 5 - 72%
- ➢ ടീച്ചറുടെ സഹായത്തോടെ എഴുതുന്നു - 14 %
- ➢ എഴുതാൻ ശ്രമിക്കുന്നു - 14 %

## വിഷയം ഗണിതം

999 വരെയുള്ള സംഖ്യകൾ വായിക്കുന്നു. സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു.

- ➢ സ്വന്തം നിലയിൽ പൂർത്തീകരിച്ചവർ - 5 72%
- ➢ ടീച്ചറുടെ സഹായത്തോടെ - 1 14%
- ➢ ഇനിയും മെച്ചപ്പെടേതുണ്ട് - 1 14%

**2. മേഖല ഗണിതഭാഷ**

സംഖ്യാപരമായ ബന്ധങ്ങൾ കണ്ടെത്തുവാനും പട്ടികപ്പെടുത്തി നിഗമനങ്ങൾ രൂപീകരിക്കാനും വിശദീകരിക്കാനും കഴിയുന്നു.

- ➢ സ്വന്തം നിലയിൽ പൂർത്തികരിച്ചവർ - 5 72%
- ➢ ടീച്ചറുടെ സഹായത്തോടെ - 1 14%
- ➢ ഇനിയും മെച്ചപ്പെടേണ്ടതുണ്ട് - 1 14%

**3. മേഖല പ്രശ്ന പരിഹണം**

സ്വയം വായിച്ച് മനസ്സിലാക്കി ഉചിതക്രിയ തെരഞ്ഞെടുത്ത് പരിഹരിക്കുന്നു

- ➢ സ്വന്തമായി ചെയ്യുന്ന - 5 72%
- ➢ ടീച്ചറുടെ സഹായത്തോടെ - 1 14%
- ➢ ഇനിയും മെച്ചപ്പെടേണ്ടത് - 1 14%

# English

1. **Area Listening**

- ➢ good - 4 58%
- ➢ Need Support - 2 29%
- ➢ Are of Concern - 1 13 %

2. **Area Reading**

Comprehending a passage Through reading identify them, read and visualise

- ➢ Very good - 4 58%
- ➢ Needs support - 2 29%
- ➢ Area of concern - 1 13 %

3. **Area Writing**

- ➢ good - 4 58%
- ➢ Need Support - 2 29%
- ➢ Area of concern - 1 13%

# അക്കാദമിക മാസ്റ്റർ പ്ലാൻ അവസ്ഥാപഠനം

ക്ലാസ് : 3C
ക്ലാസ് ടീച്ചർ : ഷീന ചന്ദ്രൻ
ആകെ കുട്ടികൾ : 26
വിഷയം : മലയാളം
മേഖല : ലേഖനം

## വിലയിരുത്തിയ രീതി

1. നിശ്ചിത അക്ഷരങ്ങൾ നൽകി അവ ഉപയോഗിച്ച് വാക്കുകൾ നിർമ്മിച്ചെഴുതൽ. ശേഷം ചിത്രം നൽകി ചിത്രത്തിൽ കാണുന്ന കാര്യങ്ങൾ ചെറുവാക്യങ്ങളായി എഴുതൽ

1. അക്ഷരങ്ങൾ, ചിഹ്നങ്ങൾ തെറ്റില്ലാതെ എഴുതിയവർ - 55%
2. ചിഹ്നങ്ങൾ തെറ്റു വരുത്തിയവർ - 55%
3. ഭാഗികമായി തെറ്റുവരുത്തിയവർ - 35%
4. പൂർണ്ണമായും പരസഹായത്തോടെ എഴുതിയവർ - 5%

**മലയാളം**

**ലക്ഷ്യം -** ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ

**പ്രവർത്തനങ്ങൾ**

**Pretest**

അക്ഷരം ഉറപ്പിക്കാൻ B B-ൽ എഴുതി വായന, കോപ്പിയിൽ എഴുതൽ ചിഹ്നം ഉറപ്പിക്കൽ - ചിഹ്നങ്ങൾ ചേർന്നു വരുന്ന പദങ്ങൾ, അക്ഷരങ്ങൾ എഴുതി ആവർത്തിച്ച് വായന എഴുത്ത് .

വാക്കുകൾ നിശ്ചിത ചിഹ്നങ്ങൾ വരുന്നവ എഴുതി വായിപ്പിക്കുന്നു. ചിഹ്നം (ാ, ി, ീ, ു, ൂ, ൃ, െ , േ , ൈ , ൊ, ോ, ൗ, ം, ൃ, ്യ, ്ര etc) വരുന്ന പദങ്ങൾ കണ്ടെത്തി പറഞ്ഞ് അവ എഴുതി ആവർത്തിച്ച് വായിക്കാനവസരം നൽകുന്നു. നിശ്ചിത അക്ഷരങ്ങൾ നൽകി അവ ഉപയോഗിച്ച് പദങ്ങൾ നിർമ്മിച്ച് വായന.

ക്രമം തെറ്റിച്ച് നൽകിയ വാക്കുകൾ ചേർത്ത് വാക്യങ്ങൾ നിർമ്മിക്കുന്നു.
ചിത്രം - അടിക്കുറിപ്പ് കഥപറയൽ, കഥ പൂർത്തിയാക്കൽ വരികൾ കൂട്ടി ച്ചേർക്കൽ
പത്രവാർത്ത ദിവസവും എഴുതി വായന
കഥാപുസ്തകം നൽകൽ, വായന, കഥപറയൽ, ഭാഷാപരമായ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്
ക്ലാസ്മുറിയിൽ കുട്ടികളിൽ നിന്നും പുസ്തകങ്ങൾ (ബാലമാസികകൾ ശേഖരിച്ച് വായനമൂല ഒരുക്കി വായനക്കൂട്ടം രൂപീകരിക്കൽ വായിച്ച പുസ്തകങ്ങൾ ആഴ്ചയിൽ ഒരു ദിവസം പരിചയപ്പെടുത്തൽ വായനാനു ഭവം പങ്കുവെയ്ക്കൽ.

അക്ഷരത്തെറ്റു കൂടാതെ സ്വന്തമായി വായിക്കാനും എഴുതാനും സാധിക്കുന്ന രീതിയിൽ ഉയർത്താനാവശ്യമായ ഉചിതമായ കൂടുതൽ പ്രവർത്തനങ്ങൾ നൽകുന്നു.

വിഷയം : മലയാളം

| മേഖല | ലഘുതരം | ഗുരുതരം | തീവ്രം |
|---|---|---|---|
| ലേഖനം | | ✓ | |

**പരിഹാര നിർദ്ദേശങ്ങൾ :**

അക്ഷരങ്ങൾ, ചിഹ്നങ്ങൾ ഉറപ്പിച്ച ശേഷം വാക്കുകളും, വാക്യങ്ങ ളും, എഴുതുകയും വായിക്കുകയും ചെയ്യുന്ന പാഠ്യപദ്ധതിയാണ് കൂടു തൽ ഉചിതം. രണ്ട് വർഷം ഓൺലൈൻ ക്ലാസിൽ പങ്കെടുത്ത് മൂന്നാംക്ലാ സിലെത്തിയ കുട്ടിക്ക് അക്ഷരങ്ങളും ചിഹ്നങ്ങളും ഉറച്ചിട്ടില്ല. അതു കൊണ്ട് അക്ഷരങ്ങൾ കോപ്പിയിലെഴുതിയും അധികസമയം ക്ലാസിൽ ചിഹ്നങ്ങളും അക്ഷരങ്ങളും ഉറക്കാനുള്ള പ്രവർത്തനങ്ങളും ചെയ്യുന്നു. പത്രവാർത്തകൾ ദിവസേന എഴുതി വായിപ്പിക്കുന്നു. വായനാ കാർഡു കൾ, ബാലമാസികകൾ എന്നിവ വായിക്കാൻ നൽകുന്നു.

**മലയാളം**

**മേഖല** : ലേഖനം

**പ്രവർത്തനം** : അക്ഷരങ്ങൾ ചാർട്ടിലും ബോർഡിലും എഴുതി വായന. കോപ്പിയിലെഴുതൽ, ചിഹ്നങ്ങൾ, അക്ഷരങ്ങൾ ചേർന്നുവരുന്ന പദങ്ങൾ എഴുതി ആവർത്തിച്ച് വായിച്ച ശേഷം എഴുതാനാവശ്യപ്പെടുന്നു. ആഭരണം അണിയിക്കാം. ചിഹ്നങ്ങൾ ചേർക്കാനുള്ള കാർഡ് തയ്യാറാക്കുന്നു.

മ.... ല, മാല തര- തിര, തരി, തിരി etc.

നിശ്ചിത ചിഹ്നങ്ങൾ ചേർന്നു വരുന്ന കണ്ടെത്തിപ്പറയുവാൻ അവസരം നൽകുന്നു. ടീച്ചർ ബി.ബി യിൽ രേഖപ്പെടുത്തി വായന ി - നിര, നരി, കരിമ്പ്, ചിരവ, മിഴി......

നിശ്ചിത അക്ഷരങ്ങൾ നൽകി അവ ഉപയോഗിച്ച് പദങ്ങൾ നിർമ്മിച്ചെഴുതൽ, ചിത്രവായന, ക്രമം തെറ്റിച്ച് നൽകിയ വാക്കുകൾ ചേർത്ത് വാക്യ നിർമ്മാണം.

പത്രവാർത്ത ദിവസവും എഴുതി വായന. ബാലമാസികകൾ നൽകി വായന, ശേഖരിച്ച് ക്ലാസ്റൂമിൽ വായനമൂല സജ്ജീകരണം, വായിച്ച കഥ, കവിത ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകൽ. രക്ഷിതാക്കളുടെ സഹായത്തോടെ പ്രവർത്തന കാർഡ്, വായനാകാർഡ് തയ്യാറാക്കൽ.

കാലയളവ് - 7 മാസങ്ങൾ

നിർവ്വഹണ ചുമതല - അധ്യാപിക, രക്ഷിതാക്കൾ

പ്രതീക്ഷിത ചെലവ് - 1000/-

സാമ്പത്തികം - പി.ടി.എ ഫണ്ട്

റിമാർക്സ് -

# അക്കാദമിക മാസ്റ്റർ പ്ലാൻ

## അവസ്ഥാപഠനം

| | | |
|---|---|---|
| ക്ലാസ് | : | (1) |
| ക്ലാസ് ടീച്ചർ | : | ഷീന ചന്ദ്രൻ |
| ആകെ കുട്ടികൾ | : | 34 |
| വിഷയം | : | മലയാളം |
| മേഖല | : | വായന |

## വിലയിരുത്തിയ രീതി

1. ഉച്ചാരണശുദ്ധിയോടെ ഒഴുക്കോടെ വായിക്കാൻ കഴിയുന്നു

റിസൽട്ട്

- ആശയ വ്യക്തതയോടെ സ്വതന്ത്രമായി വായിക്കുന്നു- 50%
- അധ്യാപികയുടെ സഹായത്തോടെ വായിക്കുന്നു - 14%
- വായിക്കാൻ ശ്രമിക്കുന്നു - 36%

2. **മേഖല - ലേഖനം**

- ആശയങ്ങൾ ഉൾക്കൊണ്ടു, സവിശേഷതകൾ ഉൾപ്പെടുത്തി തെറ്റു കൂടാതെ എഴുതുന്നു. - 50%
- ടീച്ചറുടെ സഹായത്തോടെ എഴുതുന്നു - 14%
- എഴുതാൻ ശ്രമിക്കുന്നു - 36%

| മേഖല | പ്രശ്നം | ലഘുതരം | ഗുരുതരം | തീവ്രം |
|---|---|---|---|---|
| വായന | • വായനയിലൂടെ ആശയം<br>• ഗ്രഹിക്കാൻ കഴിയുന്നില്ല<br>• അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾകൊണ്ട്വായിക്കാൻ കഴിയുന്നില്ല | ✓<br>✓ | | |
| ലേഖനം | • അക്ഷരത്തെറ്റില്ലാതെയുള്ള എഴുത്<br>• അനുയോജ്യമായഭാഷ പ്രയോഗങ്ങൾ ഉപയോഗിക്കാൻ കഴിയുന്നില്ല | ✓<br>✓ | | |
| ഗണിതം | • മൂന്നക്ക സംഖ്യകളുടെ | ✓ | | |
| സംഖ്യാവ്യാഖ്യാനം | • സംഖ്യാവ്യാഖ്യാനം | | | |
| ചതുഷ്ക്രിയ | • സംഖ്യകളുടെ സ്ഥാനവില അനുസരിച്ച് ക്രമപ്പെടുത്തി ക്രിയകൾ ചെയ്യാൻ കഴിയുന്നില്ല | ✓ | | |

## പരിഹാര നിർദ്ദേശങ്ങൾ

### വായന

- മറ്റുകുട്ടികളുടെ സഹായത്തോടെ വായിക്കുന്നു,
- സ്വയം തെറ്റ് തിരിച്ചറിഞ്ഞ് തിരുത്തി വായിക്കുന്നു
- മലയാളത്തിളക്കത്തിലെ പ്രവർത്തനങ്ങൾ ഉപയോഗിക്കുക.

### ലേഖനം

- സ്വന്തം എഴുത്തിനെ ടിച്ചറുടെ എഴുത്തുമായി താരതമ്യപ്പെടുത്തി തെറ്റുകൾ തിരിച്ചറിഞ്ഞ് സ്വയം തിരുത്തുന്നു
- കാർഡുകൾ ഉപയോഗിച്ച് തെറ്റുകൾ കണ്ടെത്തി തിരുത്തി എഴുതുന്നു
- കൂടുതൽ രചനകൾ നടത്താനുള്ള അവസരം കൊടുക്കുക.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## അവസ്ഥാപഠനം

ക്ലാസ് : 7

ക്ലാസ് ടീച്ചർ : എം.ടി.ഷൈജിത്ത് കുമാർ

ആകെ കുട്ടികൾ :

വിഷയം : മലയാളം

ലക്ഷ്യം : ഏഴാം തരത്തിലെ കുട്ടികളുടെ സർഗ രചനാ ശേഷി വികസിപ്പിക്കുക

ഘട്ടം 1 : എഴാംതരത്തിലെ മുഴുവൻ കുട്ടികളേയും ആശയ ഗ്രഹണത്തോടെ വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.

മേഖല : എഴുത്ത്, വായന

**കുട്ടികളുടെ പഠന നിലവാരം അളക്കാൻ ഉപയോഗിച്ച രീതി (Evaluation tools) വായന കാർഡ് (വായന), അനുഭവക്കുറിപ്പ് (എഴുത്ത്)**

| ക്ലാസ് ഡിവിഷൻ | ആകെ കുട്ടികൾ | മേഖല | സ്വന്തമായി വായിക്കുന്നവർ | ടീച്ചറുടെ സഹായത്തോടെ വായിക്കുന്നവർ | വായിക്കാൻ ശ്രമിക്കുന്നവർ |
|---|---|---|---|---|---|
| VII - A | 31 | വായന | 76% | 15% | 9% |
| VII –B | 42 | വായന | 70% | 20% | 10% |
| VII- C | 43 | വായന | 72% | 18% | 10% |
| VII- A | 31 | ലേഖനം | സ്വന്തമായി എഴുതുന്നവർ 62% | ടീച്ചറുടെ സഹായത്തോടെ എഴുതന്നവർ 28% | എഴുതാൻ ശ്രമിക്കുന്നവർ 10% |
| VII – B | 42 | ലേഖനം | 68% | 21% | 11% |
| VII – C | 43 | ലേഖനം | 64% | 26% | 10% |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## അവസ്ഥാപഠനം

ക്ലാസ് : V, VI, VII

ക്ലാസ് ടീച്ചർ :

ആകെ കുട്ടികൾ :

വിഷയം : ഹിന്ദി

ലക്ഷ്യം : മുഴുവൻ കുട്ടികളെയും ഹിന്ദി എഴുതാനും, വായിക്കാനും പ്രാപ്തരാക്കുക

കുട്ടികളുടെ നിലവാരം അളക്കാൻ ഉപയോഗിച്ച രീതി (Tool)

1. വായന
2. എഴുത്ത്

**1. വായന**

| ക്ലാസ് | ആകെ കുട്ടികൾ | മേഖല | സ്വന്തമായി വായിക്കുന്നവർ | അധ്യാപകന്റെ സഹായത്തോടെ വായിക്കുന്നു | വായിക്കാൻ ശ്രമിക്കുന്നു |
|---|---|---|---|---|---|
| V | 109 | വായന | 25% | 25% | 20% |
| VI | 131 | വായന | 70% | 20% | 10% |
| VII | 114 | വായന | 75% | 15% | 10% |

**2. എഴുത്ത്**

| ക്ലാസ് | ആകെ കുട്ടികൾ | മേഖല | സ്വന്തമായി വായിക്കുന്നവർ | അധ്യാപകന്റെ സഹായത്തോടെ വായിക്കുന്നു | വായിക്കാൻ ശ്രമിക്കുന്നു |
|---|---|---|---|---|---|
| V | 109 | എഴുത്ത് | 50% | 30% | 20% |
| VI | 131 | എഴുത്ത് | 65% | 25% | 10% |
| VII | 114 | എഴുത്ത് | 70% | 15% | 15% |

## അക്കാദമിക മാസ്റ്റർ പ്ലാൻ

## അവസ്ഥാപഠനം

ക്ലാസ് : V, VI

ക്ലാസ് ടീച്ചർ :

ആകെ കുട്ടികൾ :

വിഷയം : ഗണിതം

ലക്ഷ്യം : ഗണിതത്തെ കൂടുതൽ ആസ്വാദ്യകരമായ വിഷയമാക്കിത്തീർക്കാനും പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുമായിട്ടുള്ള ഗണിത വിജയം, ഉല്ലാസ ഗണിതം തുടങ്ങിയവ നടപ്പാക്കുക.

കുട്ടികളുടെ പഠനനിലവാരം അളക്കാൻ ഉപയോഗിച്ച രീതി - പരീക്ഷ നടത്തി, ചതുഷ്ക്രിയ ചെയ്ത ഉത്തരം കണ്ടെത്താൻ പറഞ്ഞു.

| ക്ലാസ് | ആകെ കുട്ടികൾ | മേഖല | സ്വന്ത മായി ചെയ്യുന്ന വർ | ടീച്ചറുടെ സഹായ ത്തോടെ | ശ്രമിച്ച കുട്ടികൾ |
|---|---|---|---|---|---|
| V –C | 45 | ചതുഷ്ക്രിയകൾ | 65% | 35% | 20% |
| VI –A | 27 | ചതുഷ്ക്രിയകൾ | 60% | 20% | 20% |
| VI-C | 34 | ചതുഷ്ക്രിയകൾ | 75% | 15% | 10% |
| VI- D | 34 | ചതുഷ്ക്രിയകൾ | 55% | 30% | 15% |

**മേഖല : പ്രശ്നാപഗ്രഥനം**

| ക്ലാസ് | ആകെ കുട്ടി കൾ | സ്വന്തമായി ചെയ്യുന്നവർ | ടീച്ചറുടെ സഹായ ത്തോടെ | ചെയ്യാൻ ശ്രമിക്കുന്ന വർ |
|---|---|---|---|---|
| V –C | 45 | 58% | 30% | 12% |
| VI –A | 27 | 60% | 20% | 20% |
| VI-C | 34 | 70% | 15% | 15% |
| VI- D | 34 | 65% | 12% | 12% |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## അവസ്ഥാപഠനം

ക്ലാസ് : VI, VII

ക്ലാസ് ടീച്ചർ :

ആകെ കുട്ടികൾ :

വിഷയം : സാമൂഹ്യശാസ്ത്രം

ലക്ഷ്യം : മുഴുവൻ കുട്ടികളെയും സാമൂഹ്യമൂല്യങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുക. ഭൂപടവായന പട്ടികപ്പെടുത്തൽ, അപഗ്രഥിച്ച് നിഗമനത്തിലെത്തൽ പ്രൊജക്ട് തയ്യാറാക്കൽ എന്നീ മേഖലകളിൽ പ്രാവിണ്യം നേടുക.

| ക്ലാസ് | മേഖല | സ്വതന്ത്ര മായി ചെയ്തവർ | അധ്യാപക രുടെ സഹാ യത്തോടെ | തീരെ ചെയ്യാത്ത വർ |
|---|---|---|---|---|
| VI | പട്ടികപ്പെടുത്തൽ | 54% | 32% | 14% |
| VI | അപഗ്രഥിച്ച് നിഗമ നത്തിലെത്തൽ | 40% | 45% | 15% |
| VII | ഭൂപടവായന | 52% | 30% | 18% |
| VII | ടൈംലൈൻ തയ്യാ റാക്കൽ | 54% | 38% | 8% |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## അവസ്ഥാപഠനം

ക്ലാസ് : V, VI VII

ക്ലാസ് ടീച്ചർ :

ആകെ കുട്ടികൾ :

വിഷയം : ഇംഗ്ലീഷ്

വിഭാഗം : യു.പി

ലക്ഷ്യം : ഇംഗ്ലീഷ് ഭാഷ തെറ്റില്ലാതെ കൈകാര്യം ചെയ്യുവാൻ മുഴുവൻ കുട്ടികളെയും പ്രാപ്തരാക്കുക. പഠന നിലവാരം അളക്കാൻ ഉപയോഗിച്ച രീതി, വായന, എഴുത്ത്

| ക്ലാസ് | ആകെ കുട്ടികൾ | മേഖല | സ്വതന്ത്രമായി വായിക്കുന്നു | ടീച്ചറുടെ സഹായത്തോടെ വായിക്കുന്നു | വായിക്കാൻ ശ്രമിക്കുന്നു |
|---|---|---|---|---|---|
| V | 65 | വായന | 75% | 15% | 10% |
| VI | 71 | വായന | 76% | 14% | 10% |
| VII | 31 | വായന | 60% | 24% | 16% |

| ക്ലാസ് | ആകെ കുട്ടികൾ | മേഖല | സ്വതന്ത്രമായി എഴുന്നു | ടീച്ചറുടെ സഹായത്തോടെ എഴുതുന്നു | എഴുതാൻ ശ്രമിക്കുന്നു |
|---|---|---|---|---|---|
| V | 65 | എഴുത്ത് | 64% | 20% | 16% |
| VI | 71 | എഴുത്ത് | 70% | 20% | 10% |
| VII | 31 | എഴുത്ത് | 52% | 28% | 20% |

## അക്കാദമിക മാസ്റ്റർ പ്ലാൻ

## അവസ്ഥാപഠനം

| | | |
|---|---|---|
| ക്ലാസ് | : | 7 |
| ക്ലാസ് ടീച്ചർ | : | |
| ആകെ കുട്ടികൾ | : | 60 |
| വിഷയം | : | അടിസ്ഥാന ശാസ്ത്രം |
| വിഭാഗം | : | യു.പി |
| ലക്ഷ്യം | : | സ്വതന്ത്ര്യമായി ആസൂത്രണം ചെയ്ത് പരീക്ഷണങ്ങളിൽ ഏർപ്പെടാനും പരീക്ഷണഫലം അപഗ്രഥിച്ച് നിഗമനത്തിൽ എത്തിച്ചേരാനും എല്ലാ വിദ്യാർത്ഥികളെയും പ്രാപ്തരാക്കുക. |
| പരീക്ഷണം | : | മണ്ണിന്റെ ജലാഗിരണശേഷി കണ്ടെത്തൽ പഠനത്തിന് വിധേയരായ കുട്ടികൾ |

**പഠന ഫലം**

1. പരീക്ഷണം, ഉചിതമായ ഉപകരണങ്ങൾ തെരഞ്ഞെടുത്ത് സ്വതന്ത്ര്യമായി നിർവ്വഹിക്കുകയും പഠനഫലം അപഗ്രഥനം ചെയ്ത് സ്വന്തം നിലയിൽ നിഗമന രുപീകരണം നടത്തുകയും ചെയ്തവർ

   = 20 % വിദ്യാർത്ഥികൾ

2. പരീക്ഷണം വിജയകരമായി നിർവ്വഹിച്ചെങ്കിലും ശരിയായ നിഗമനത്തിൽ എത്താൻ കഴിയാതിരുന്നവർ

   = 45% വിദ്യാർത്ഥികൾ

3. ടീച്ചറുടെ സഹായത്തോടെ പരീക്ഷണം നിർവ്വഹിച്ചവർ

   = 35% വിദ്യാർത്ഥികൾ

കണ്ടെത്തിയ പ്രശ്നം (നിഗമനം)

ഒരു പ്രശ്നം പരിഹരിക്കാൻ വേണ്ടി സ്വന്തം നിലയിൽ പരീക്ഷണം നിർവ്വഹിച്ച് നിഗമനത്തിൽ എത്തിച്ചേരാനുള്ള ശേഷി ഭൂരിപക്ഷം കുട്ടികളും ആർജ്ജിക്കുന്നില്ല.

## പരിഹാര നിർദ്ദേശങ്ങൾ

1. അറിവ് നിർമ്മാണ പ്രക്രിയയുടെ വിവിധ ഘട്ടങ്ങളിലൂടെ പ്രശ്നം, പരികൽപ്പന, പ്രവർത്തനാസൂത്രണം, പ്രവർത്തനവും വിവരശേഖരണവും, അപഗ്രഥനം, നിഗമനം, തുടർപ്രവർത്തനങ്ങൾ) വിദ്യാർത്ഥികൾ കടന്ന് പോകണം. ക്ലാസ് ആ രൂപത്തിലേക്ക് പൂർണ്ണമായി മാറണം.
2. കുട്ടികൾക്ക് സ്വാതന്ത്ര്യമായി, സ്വന്തം നിലയിൽ പരീക്ഷണങ്ങളിൽ ഏർപ്പെടാനും നിഗമനങ്ങളിൽ എത്തിച്ചേരാനുമുള്ള സാഹചര്യങ്ങൾ ഒരുക്കണം. അതിന് വേണ്ടി ഓരോ കുട്ടിക്കുമുള്ള സയൻസ് കിറ്റ്, ക്ലാസ്‌ലാബ് എന്നിവ ഉണ്ടാകണം.
3. ഗ്രൂപ്പ് പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കണം.
4. പ്രശ്നപരിഹരണത്തിന് വേണ്ടിയുള്ള വിവരങ്ങൾ ശേഖരിക്കാൻ പരീക്ഷണത്തിന് പുറമെ ഫീൽഡ് ട്രിപ്പ്, പ്രൊജക്ട് രീതി, അഭിമുഖം, പുസ്തക റഫറൻസ്, ഐ.ടി.സി തുടങ്ങിയ വൈവിദ്ധ്യമാർന്ന സങ്കേതങ്ങൾ ഉപയോഗിക്കണം.

## ആക്ഷൻ പ്ലാൻ- 2023-24 ഭൗതിക സൗകര്യമേഖല

| Sl. No. | പ്രശ്നം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
| --- | --- | --- | --- | --- | --- |
| 1 | കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ശുചിമുറികൾ ഇല്ല. | സ്കൂൾ കെട്ടിടത്തിന്റെ ഒന്നാംനില നിർമ്മാണത്തിന്റെ ഭാഗമായും, രണ്ടാംനില നിർമ്മാണത്തിന്റെ ഭാഗമായും പുതിയ ടോയിലറ്റുകൾ നിർമ്മിക്കുക. ഗ്രൗണ്ടിൽ നിലവിലുള്ള ടോയിലറ്റുകൾ നവീകരിക്കുക. | 2023-24 അദ്ധ്യന വർഷം | പുതിയ കെട്ടിടവുമായി ബന്ധപ്പെട്ട നിർമ്മാണം, സ്കൂൾ മാനേജർ<br>നിലവിലുള്ളവയുടെ നവീകരണം പഞ്ചായത്ത് സഹായത്തോടെ പി.ടി.എ. | സ്കൂൾ മാനേജർ<br>പഞ്ചായത്ത് |
| 2 | ലാബ്, ലൈബ്രറി എന്നിവയ്ക്ക് പ്രത്യേക മുറികളില്ല. | പുതിയ കെട്ടിടനിർമ്മാണത്തിന്റെ ഭാഗമായി പഴയ കെട്ടിടത്തിലെ ഒഴിവുവരുന്ന ക്ലാസുകൾ ഈ ആവശ്യത്തിന് വേണ്ടി ഉപയോഗിക്കണം. പി.ടി.എ., പൂർവ്വവിദ്യാർത്ഥികൾ എന്നിവരുടെ സഹായത്തോടെ ഈ ക്ലാസുമുറികൾ ഫർണിഷ് ചെയ്യണം | 2023-24 അദ്ധ്യന വർഷം | സ്കൂൾ മാനേജർ | സ്കൂൾ മാനേജർ<br>പി.ടി.എ.<br>പൂർവ്വ വിദ്യാർത്ഥികൾ |

| | | | | | |
|---|---|---|---|---|---|
| 3 | അടുക്കള സ്മാർട്ടല്ല എലികയറുന്നുണ്ട്. ഉപകരണങ്ങളുടെ പരിമിതിയുണ്ട്. സ്ഥല പരിമിതിയുണ്ട്. | പി.ടി.എ.യുടെ നേതൃത്വത്തിൽ പഞ്ചായത്ത് പൂർവ്വ വിദ്യാർത്ഥികൾ സ്പോൺസർമാർ എന്നിവരുടെ സഹായത്തോടെ സ്മാർട്ട് കിച്ചൻ പരിപാടി നടപ്പിലാക്കുന്നു. | 2023-24 സാമ്പത്തിക വർഷം | പി.ടി.എ | പി.ടി.എ പഞ്ചായത്ത് പൂർവ്വ വിദ്യാർത്ഥികൾ സ്പോൺസർമാർ |
| 4 | സ്കൂൾ പരിസരം വേണ്ടത്ര ആകർഷകല്ല | സ്കൂളും പരിസരവും സൗന്ദര്യവൽക്കരിക്കണം ഇതിനുവേണ്ടി പി.ടി.എ.യുടെ ഉപസമിതി രൂപീകരിച്ച് പ്രവർത്തിക്കണം. | 2023-24 സാമ്പത്തിക വർഷം | പി.ടി.എ ഉപസമിതി | PTA പഞ്ചായത്ത്, പൂർവ്വ വിദ്യാർത്ഥികൾ |

# ആക്ഷൻ പ്ലാൻ - സാമൂഹ്യ ഇടപെടൽ

| Sl. No. | പ്രശ്നം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| 1 | പിടിഎയുടെ പ്രവർത്തനം ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്.<br>പ്രവർത്തനങ്ങളിൽ കൂടുതൽ പേരുടെ പങ്കാളിത്തം ഉറപ്പ് വരുത്തുക.<br>ലക്ഷ്യങ്ങൾ നിശ്ചയിച്ച് സമയബന്ധിതമായി പ്രവർത്തിക്കുക.<br>പ്രവൃത്തി വിഭജനം നടത്തി പ്രവർത്തിക്കുക. | പ്രവർത്തനഘട്ടങ്ങൾ<br>പിടി.എ. ജനറൽ ബോഡി യോഗം ചേർന്ന് ഇടപെടേണ്ട മേഖലകൾ വിശദമായി ചർച്ചചെയ്ത് തീരുമാനിക്കുന്നു.<br>1. സാമ്പത്തിക സമാഹരണം.<br>2. സ്മാർട്ട് കിച്ചൺ<br>3. ലാബ്, ലൈബ്രറി മെച്ചപ്പെടുത്തൽ<br>4. സ്കൂൾ സൗന്ദര്യവൽക്കരണം<br>5. ടാലന്റ് ലാബ് + അക്കാദമിക പിന്തുണ<br>6. അടിസ്ഥാന സൗകര്യങ്ങൾ + ടോയിലറ്റ് നവീകരണം എന്നി ഇടപെടൽ മേഖലയ്ക്ക് വേണ്ടിയുള്ള പി.ടി.എ. ഉപസമിതികൾ രൂപീകരിക്കുന്നു. പഠനത്തിന്റെ | 2023-24 സാമ്പത്തിക വർഷം | പി.ടി.എ. | PTA ഫണ്ട് പൊതുജനങ്ങൾ, പൂർവ്വ വിദ്യാർത്ഥികൾ |

| | | | | | |
|---|---|---|---|---|---|
| | | അടിസ്ഥാനത്തിൽ പരിപാടികൾ തയ്യാറാക്കി പ്രവർത്തനമാരാംഭിക്കുന്നു. | | | |
| 2 | സാമൂഹ്യ ഇടപടലുകൾ ശക്തിപ്പെടുത്തുക | പുതിയ സ്കൂൾ സപ്പോർട്ട് ഗ്രൂപ്പ് രൂപീകരിക്കുക<br>പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ നടത്തുക.<br>സ്കൂളിന്റെ തൊണ്ണൂറാം വാർഷികം വിപുലമായി നടത്തുക.<br>അതിന് വേണ്ടിയുള്ള സംഘാടക സമിതി രൂപീകരിക്കുക. | 2023-24 അക്കാദമിക വർഷം | പി.ടി.എ. സംഘാടക സമിതി | പൂർവ്വ വിദ്യാർത്ഥികൾ<br>സമൂഹം<br>സ്പോൺസർഷിപ്പ് |

# കർമ്മപദ്ധതി - യു പി - മലയാളം

| SL No. | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | സമ്പൂർണ പങ്കാളിത്തം | [illegible] | [illegible] |
|---|---|---|---|---|---|---|
| | വായന | ➢ ചിത്രവായന (ആസ്വാദനം)<br>➢ വായന കാർഡ്<br>➢ ഉള്ളടക്കം വരുന്ന പുസ്തക [illegible] വായന<br>➢ ചിത്രകഥകൾ<br>➢ വായിച്ച കഥ പങ്കുവെയ്ക്കൽ (ഓഡിയോ [illegible])<br>➢ പത്രവായന<br>➢ വായനശാല സന്ദർശനം<br>➢ ക്ലാസ് റൂം ലൈബ്രറി വായന മൂല<br>➢ മഹത് വ്യക്തികളെക്കുറിച്ചുള്ള വായനക്കാർക്കുള്ള [illegible] കുറിപ്പുകൾ (വായനക്കുറിപ്പ്) | | അധ്യാപകർ<br>രക്ഷിതാക്കൾ | [illegible] | |

| Sl. No. | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 2 | എഴുത്ത് | ➢ അക്ഷരതെറ്റ് വരാതെയുള്ള എഴുത്തിനാവശ്യമായ നിരവധി ഭാഷാകേളികൾ (ആഭരണമണിയിക്കാം)<br>➢ കയ്യെഴുത്തുമാസിക തയ്യാറാക്കൽ (കഥ, കവിത. തുടങ്ങിയവ)<br>➢ വായിച്ച കഥ എഴുതി അവതരിപ്പിക്കൽ<br>➢ കഥാപൂരണം (കൈമാറി എഴുതൽ)<br>➢ ആശയമെഴുതൽ (വായിച്ച ഭാഗത്തിന്റെ)<br>➢ കഥാപാത്രങ്ങളെ പരിചയപ്പെടുത്തൽ<br>➢ വിഷയം നൽകി സ്വന്തമായി കുറിപ്പെഴുതൽ (ആവശ്യമെങ്കിൽ ഖണ്ഡിക തിരിക്കൽ) | 8 മാസം | അധ്യാപകർ<br>രക്ഷിതാക്കൾ | പി.ടി.എ. ക്ലബ്ബുകൾ, ബി ആർ സി (എസ് എസ് എ) സന്നദ്ധ സംഘടനകൾ | |

# കർമപദ്ധതി -യു പി -സാമൂഹികശാസ്ത്രം

| Sl. No. | മേഖല | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം/ ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ഭൂപട വായന | ഭൂപട വായന, ഗ്ലോബ് നിരീക്ഷണം ഭൂപടവായനക്ക് കൂടുതൽ സാധ്യതകൾ നൽകുക, ഓരോ ക്ലാസ്സിൽ ഗ്രൂപ്പുകളായും വ്യക്തിഗതമായും ഭൂപടവായനയ്ക്ക് അവസരം നൽകണം. അതിന് അറ്റ്ലസ്, ഭൂപടങ്ങൾ, ഗ്ലോബ് ആവശ്യമാണ്. | ആഗസ്ത് മുതൽ | എസ് എസ് അധ്യാപകർ | 4,500/- S.S.K. | |
| 2 | ഫീൽഡ് ട്രിപ്പ് | ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് ആവശ്യമാണ്. കുട്ടികളിൽ ചരിത്ര സ്മാരകങ്ങളെക്കുറിച്ചുംപ്രാധാന്യളെക്കുറിച്ചും മനസ്സിലാക്കൽ | ഡിസംബർ- ജനുവരി വരെ | അധ്യാപകർ | കുട്ടികൾ .രക്ഷിതാക്കൾ. അധ്യാപകർ | |

| | | | | | | |
|---|---|---|---|---|---|---|
| 3 | ലാബ് നിർമ്മാണം | സാമൂഹ്യലാബ് നിർമ്മിക്കൽ പഴയകാല ശേഷിപ്പുകൾ ഉൾപ്പെടുത്തിയുള്ള ചരിത്ര മ്യൂസിയം ലാബിൽ ഉണ്ടായിരിക്കണം അതുപോലെ അറ്റ്ലസ്, ഗ്ലോബ്, ഭൂപടം ഉൾപ്പെടുത്തണം, ചരിത്ര പുസ്തകങ്ങൾ, റഫറൻസ് ആവശ്യമാണ്. | ജൂൺ 10 എപ്പോഴും | അധ്യാപകർ രക്ഷിതാക്കൾ S.S.K | S.S അധ്യാപകർ | |
| 4 | പ്രോജക്ട്തയ്യാറാക്കൽ/സെമിനാർ | ഉദാ: നമ്മുടെ നാട്ടിലുള്ള ശുദ്ധ ജല സ്രോതസ്സുകൾ മലിനമാകുന്നുണ്ടോ ?. | നവംബർ മുതൽ ജനുവരി വരെ | അധ്യാപകർ | S.S അധ്യാപകർ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ -ഹിന്ദി-2023-24

| Sl. No. | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | യു.പി.തലത്തിലെ എല്ലാ കുട്ടികൾക്കും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | • അക്ഷരം, ചിഹ്നം ഉറപ്പിക്കൽ<br>• വായന കാർഡ്<br>• ലളിതാശയം വരുന്ന പുസ്തക വായന<br>• ക്ലാസ് റൂം ലൈബ്രറി, വായനാമൂല | ജൂൺ മുതൽ ഡിസംബർ വരെ 7മാസം | അധ്യാപകരും രക്ഷിതാക്കളും | പി.ടി.എ.സ്റ്റാഫ് | |
| 2 | വീട് ഒരു പരീക്ഷണശാല (കാണുന്നതും, കേൾക്കുന്നതും, ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക. | • വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.<br>• ഐ സി ടിയുടെ സഹായത്തോടെ വസ്തക്കളും വാക്കുകളും പരിശിലിക്കാനുള്ള അവസരം | 10 മാസം | അധ്യാപകരും രക്ഷിതാക്കളും | പി.ടി.എ.സ്റ്റാഫ് | |

| | | | | | | |
|---|---|---|---|---|---|---|
| 3 | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും, സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം (സുരീലി ഹിന്ദി) | • ഹിന്ദി അസംബ്ലി<br>• ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്തംബർ 14, ജനുവരി 10)<br>• ക്ലാസ് ലൈബ്രറി<br>• അധികവായന സാമഗ്രികൾ<br>• ചിത്രസഹായത്തോടെ ചിത്ര കഥ തയ്യാറാക്കൽ<br>• ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ | 10 മാസം | അധ്യാപകരും രക്ഷിതാക്കളും | പി.ടി.എ.സ്റ്റാഫ് | |

## അക്കാദമിക് മാസ്റ്റർ പ്ലാൻ - 2023-24 -ഗണിതം യു.പി.

| Sl. No. | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | സംഖ്യാബോധം (സംഖ്യാവ്യാഖ്യാനം) | സ്ഥാനവില പോക്കറ്റ് സംഖ്യാ കാർഡ്കളിസംഖ്യാ നിർമ്മാണം കാർഡ് ഉപയോഗിച്ച് സംഖ്യകൾ നിർമ്മിക്കുന്നു. വായിക്കുന്നു. വ്യത്യസ്ത രീതിയിൽ എഴുതാൻ പ്രവർത്തനം നൽകുന്നു. | ജൂൺ മുതൽ ഓഗസ്റ്റ് വരെ | അധ്യാപകൻ രക്ഷിതാവ് കുട്ടികൾ | 500 രൂപ | |
| 2 | ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | സങ്കലനം, വ്യവകലനം, ഗുണനം, ഹരണം എന്നിവ സംഖ്യാ കാർഡ്, വിവിധ കളികൾ എന്നിവയിലൂടെ ഉറപ്പിക്കുന്നു. | ജൂൺ മുതൽ ഓഗസ്റ്റ് വരെ | അധ്യാപകൻ രക്ഷിതാവ് കുട്ടികൾ | 750 രൂപ | |
| 3 | പ്രശ്നാപഗ്രഥനം | നിത്യജീവിതവുമായി ബന്ധപ്പെട്ട നിരവധി പ്രായോഗിക പ്രശ്നങ്ങൾ നൽകുന്നു. കുട്ടികൾ പരസ്പരം വിലയിരുത്തുന്നു. പ്രശ്നം വിശകലനം ചെയ്യാൻ പ്രാപ്തി നേടുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപക രക്ഷിതാക്കൽ | 5000 - രൂപ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ - സയൻസ് (യു.പി)

| Sl. No. | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | കുട്ടികളിൽ യുക്തി ചിന്തയും ശാസ്ത്ര ബോധവും വളർത്തിയെടുക്കുക. ശാസ്ത്രത്തിന്റെ രീതി ശാസ്ത്രമനുസരിച്ച് പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാൻ പരിശീലനം നേടുക. | "കുട്ടിക്കൊരു സയൻസ് കിറ്റ് പദ്ധതി' നടപ്പിലാക്കുക. ശാസ്ത്ര സഹവാസ ക്യാമ്പ് നടത്തുക. | 2023-24 അക്കാദമിക വർഷം | സയൻസ് ടിച്ചർ പി.ടി.എ സംഘാടക സമിതി | രക്ഷിതാക്കൾ സമൂഹം | |

## ENGLISH U P

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | Reading | • News paper reading<br>• Library book reading<br>• Find words<br>• Reading cards<br>• Text book activities<br>• Read letters from friends<br>• Read small stories | June<br>to<br>March | English<br>Teacher &<br>parents<br><br>Students | 1000/- | |
| 2 | Writing | • Make word web<br>• Picture description<br>• Make riddles<br>• Conversation writing<br>• Add more lines<br>• Develop stories<br>• Letter writing<br>• Diary writing | June<br>to<br>March | Teacher<br>Students Group | 500/- | |

# I$^{st}$ STD Action Plan

| ക്രമ നമ്പർ | വിഷയം | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | ഗണിതം | സംഖ്യാ ബോധം | • ഗണിതപ്പാട്ടുകൾ കണ്ടെത്തി പഠിക്കുന്നു | June | അധ്യാപകർ രക്ഷിതാക്കൾ | | |
| | | | • രക്ഷിതാക്കളുടെ സഹായത്തോടെ നിത്യോപയോഗ സാധനങ്ങൾ എണ്ണാൻ അവസരം നൽകുന്നു | June to July | രക്ഷിതാക്കൾ | | |
| | | | • പ്രകൃതി നിരീക്ഷണം (ചുറ്റുപാടും നിരീക്ഷിച്ച് വിവിധ വസ്തുക്കൾ എണ്ണിപ്പറയുന്നു) | June to July | അധ്യാപകർ | | |
| | | | • ഉല്ലാസഗണിതം പ്രവർത്തനങ്ങൾ വിവിധതരം കളികൾ | June to Sept | അധ്യാപകർ | | |
| 2 | ഇംഗ്ലീഷ്/ മലയാളം | വായന | • അക്ഷര കാർഡുകൾ, പദ കാർഡുകൾ | June to August | അധ്യാപകർ | | |
| | | | • ഐ.സി.ടി സഹായത്തോടെ | June to August | അധ്യാപകർ | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | • വിവിധതരം കളികൾ | July, Aug | അധ്യാപകർ | | |
| | | | • കഥപറയൽ | June, July | കുട്ടികൾ | | |
| | | | • ടീച്ചർ കഥകൾ ഭാവാത്മകമായി വായിച്ച് കേൾപ്പിക്കുന്നു. | June, July | അധ്യാപകർ | | |
| | | | • ക്ലാസ്സ് ലൈബ്രറി ശക്തമാക്കുന്നു | July To Sept | അധ്യാപകർ | | |
| | | | • വീട്ടു ലൈബ്രറി രക്ഷിതാക്കൾ വായിച്ച് കേൾപ്പിക്കുന്നു | | രക്ഷിതാക്കൾ | | |
| | | | • കൂട്ടുവായന-കുട്ടികൾ പരസ്പരം സഹായിച്ച് ചിത്രകഥാവായന നടത്തുന്നു | September to November | കുട്ടികൾ | | |
| | | എഴുത്ത് | • അക്ഷരചിത്രങ്ങൾ നിർമ്മിക്കുന്നു. അക്ഷരമരം | July | അധ്യാപകർ | | |
| | | | • ചാർട്ടിൽ എഴുതുന്ന ലഘു വാക്യങ്ങൾ നോട്ട്ബുക്കിൽ പകർത്തി എഴുതുന്നു | September | അധ്യാപകർ | | |

| | | | | | | |
|---|---|---|---|---|---|---|
| | | | • പുതിയ പുതിയ അക്ഷരങ്ങൾക്ക് വാക്കുകൾ കണ്ടെത്തുന്നു | September to November | അധ്യാപകർ രക്ഷിതാക്കൾ | |
| | | | • അധ്യാപകരുടെയും രക്ഷിതാക്കളുടെയുംസഹായത്തോടെ വായനാ കാർഡ് നിർമ്മാണം<br>• ചിത്രം നോക്കി വാക്യങ്ങൾ നിർമ്മിക്കുന്നു | September to November<br>September to November | അധ്യാപകർ രക്ഷിതാക്കൾ<br>അധ്യാപകർ രക്ഷിതാക്കൾ | |

# II[st] STD Action Plan

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ഭാഷണം | • ചിത്രവായന<br>• ചിത്രകാർഡ് നിർമ്മാണം - ശില്പശാല (ചിത്രവും പദവും ഉൾക്കൊണ്ടത്)<br>• മേനി പറച്ചിൽ<br>• കഥ ഊഹിച്ചു പറയൽ<br>• റോൾപ്ലേ<br>• കഥ പൂർത്തിയാക്കൽ | ജൂൺ ആദ്യ ആഴ്ച<br><br>ജൂലൈ ആദ്യവാരം മുതൽ | അധ്യാപിക രക്ഷിതാക്കൾ | 1000/- ബി.ആർ.സി | |
| 2 | വായന | • ക്ലാസ് ലൈബ്രറി പ്രവർത്തന ക്ഷമമാക്കൽ<br>രക്ഷിതാക്കളുടെ സഹായത്തോടെ രണ്ടാം ക്ലാസിലെ കുട്ടികൾക്കനുയോജ്യമായ പുസ്തകങ്ങൾ ക്ലാസ് ലൈബ്രറിയിൽ ഒരുക്കുന്നു. | ജൂലൈ അവസാന വാരം മുതൽ | രക്ഷിതാക്കൾ അധ്യാപിക | 2000/- രക്ഷിതാക്കൾ എസ്.എസ്.കെ | |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | • വായിച്ച കഥയെ ചിത്രകഥയാക്കൽ<br>• വായിച്ച കഥയെ സംഭാഷണമാക്കൽ<br>• ചോദ്യങ്ങൾ ഉണ്ടാക്കൽ<br>• കഥ പൂർത്തിയാക്കൽ<br>• പത്രവാർത്ത വായിക്കൽ | | | | |
| 3 | ലേഖനം | • പങ്കാളിത്ത പാഠങ്ങൾ രൂപീകരിക്കൽ (മലയാളത്തിളക്കം)<br>ചിത്രങ്ങൾ കാണിച്ച് ചോദ്യങ്ങളിലൂടെ പങ്കാളിത്ത പാഠങ്ങൾ രൂപീകരിക്കുന്നു<br>• വായനാ കാർഡ് നിർമ്മാണം<br>• വിവരണം തയ്യാറാക്കൽ<br>• വരികൾ കൂട്ടിച്ചേർക്കൽ<br>കടങ്കഥകൾ നിർമ്മിക്കൽ | ജൂൺ അവസാന വാരം മുതൽ | അധ്യാപിക<br>രക്ഷിതാക്കൾ | 1000/-<br>എസ്.എസ്.കെ | |
| | | • കഥയുടെ ബാക്കി ഭാഗം പൂർത്തിയാക്കൽ | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | • വായിച്ചപുസ്തകങ്ങളുടെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>• ഡയറി തയ്യാറാക്കൽ | | | | |
| 4 | സംഖ്യാബോധം | • ഗണിത കിറ്റ് നിർമ്മാണം (വീട്ടിലും, സ്കൂളിലും)<br>ഗണിതകിറ്റിലെ പഠനോപകരണങ്ങൾ ഉപയോഗിച്ച് ക്ലാസിൽ ചെയ്യുന്ന പ്രവർത്തനങ്ങൾ വീഡിയോ ആക്കി രക്ഷിതാക്കൾക്ക് അയക്കുന്നു. സമാന പ്രവർത്തനങ്ങൾ വീട്ടിൽ ചെയ്യുന്നു. ഉല്ലാസ ഗണിതം പ്രവർത്തനങ്ങൾ ചെയ്യുന്നു. | ജൂൺ രണ്ടാം വാരം മുതൽ | അധ്യാപിക രക്ഷിതാക്കൾ | 2000/-<br>പി.ടി.എ.<br>എസ്.എസ്.ആർ | |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | Listening | • Games<br>• Action songs<br>• Hello English Activities | June<br>July | Teacher | | |
| 2 | Speaking | • Self introduction<br>• Identify the naming words from the picture<br>• Identify the action words from the picture<br>• Growing sentences<br>• Picture reading | June<br>July | Teacher | | |
| 3 | Reading | • Library books reading<br>• News paper reading<br>• Rhyming words<br>• Describing words<br>• Text book activities | From July | Teacher<br>Parents | | |

| | | | | | |
|---|---|---|---|---|---|
| 4 | Writing | • Make word web<br>• Make growing sentences<br>• Picture description<br>• Add more lines<br>• Conversation<br>• Thoughts | From July | Teacher | |

## കർമ്മ പദ്ധതി - ക്ലാസ് 3

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | വായന, ലേഖനം | • വായിച്ച് ആശയം ഗ്രഹിക്കുന്നു<br>വായനയുടെ വിവിധ തലങ്ങളിലൂടെ സ്വതന്ത്രമായ ചിന്ത രൂപ്പെടുത്തുന്നു<br>• പത്രം, വാരിക, കഥാപുസ്തകങ്ങൾ, ഇ-വായന<br>• മലയാളത്തിളക്കം മാതൃകാ പ്രവർത്തനങ്ങൾ<br>• സ്വന്തം ആശയങ്ങൾ തെറ്റുകുടാതെ എഴുതുക.<br>• വായനാ കാർഡുകൾ, വായന കേളികൾ, അക്ഷരക്കളി പ്രവർത്തനങ്ങൾ | ജൂൺ<br>മാർച്ച്<br><br>ജൂൺ മുതൽ മാർച്ച് വരെ | | | |

| | | | | | | |
|---|---|---|---|---|---|---|
| 2 | ഗണിതം | (ഗണിതപഠനം ഉല്ലാസപ്രദവും കൗതുകകരവുമാക്കി മുഴുവൻ കുട്ടികൾക്കും ഗണിതശേഷികൾ ഉറപ്പിക്കുക)<br>• രണ്ടക്ക സംഖ്യകൾ വിവിധ രീതിയിൽ വ്യാഖ്യാനിക്കൽ<br>• ഗണിത വിജയം പ്രവർത്തനങ്ങൾ<br>• രണ്ടക്ക സംഖ്യകൾ ഉപയോഗിച്ചുള്ള സങ്കലന വ്യവകലന ക്രിയകൾ<br>• ഗണിത ശില്പശാല, മഞ്ചാടി, ഈർക്കിൽ, No cost materials എന്നിവ ഉപയോഗിച്ച് 3 അക്ക സംഖ്യാക്കൂട്ടങ്ങൾ<br>• ഗണിതകേളി<br>• വർക്ക് ഷീറ്റ് പ്രവർത്തനങ്ങൾ | ജൂൺ ജൂലൈ<br>ജൂൺ മാർച്ച്<br>ജൂലായ് സെപ്തംബർ<br>ജനുവരി മാർച്ച്<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച് | | | |

| | | | | | | |
|---|---|---|---|---|---|---|
| 2 | പരിസര പഠനം | • അബാക്കസ് കളിനോട്ട് സ്ഥാന വിലയിൽ അറിവ് വർദ്ധിപ്പിക്കൽ<br>• ക്ലാസിൽ ഒരു കട<br>പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക, ശാസ്ത്ര വിഷയങ്ങളിൽ അഭി രുചിയും താൽപര്യവും വളർത്തുക)<br>• പ്രകൃതി നടത്തം<br>• പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടീൽ<br>• നട്ട വൃക്ഷത്തൈ പരിപാലിക്കൽ<br>• പരിസര നടത്തം - നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം സർവ്വേ<br>• നല്ല ശീലം വ്യക്തി ശുചിത്വം, ക്ലാസ് റൂം, പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു | മാർച്ച്<br>ഫെബ്രുവരി മാർച്ച്<br>ജൂൺ<br>ജൂൺ<br>ആഗസ്ത് സെപ്തംബർ<br>ആഗസ്ത് സെപ്തംബർ | കുട്ടികൾ അധ്യാപകർ | | |

| | | | | | | |
|---|---|---|---|---|---|---|
| | | • നമ്മുടെ നാടിനെ, പരിസ്ഥിതിയെ, പ്രകൃതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് (കുളം, വയൽ, കാട്)<br>• ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു<br>• രുചിയോടെ കരുതലോടെ ഭക്ഷണമേള ക്ലാസ്സ് | ഒക്ടോബർ മാർച്ച്<br>ജൂലായ് മാർച്ച്<br>ഒക്ടോബർ | അധ്യാപകർ<br><br>അധ്യാപിക | | |

## അറബിക്

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | എസ്റ്റിമേറ്റ് | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|---|
| 1 | അറബി ഭാഷ യിൽ പിന്നാക്കം നിൽക്കുന്ന കുട്ടി കളെ പരിപോഷി പ്പിക്കുക | • എഴുത്ത്, വായന ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു.<br>• അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പെയിന്റിൽ അക്ഷരങ്ങൾ നൽകി നിറം നൽകുന്നു.<br>• കുട്ടികളുടെ ടാബിൽ ഇൻസ്റ്റാൾ ചെയ്ത അറബിക് ഗെയിമുകൾ നൽകുന്നു. | 4 മാസം | അദ്ധ്യാപകൻ, ബി. ആർ.സി, പി.ടി.എ | 1000 | |

| | | | | | | |
|---|---|---|---|---|---|---|
| 2 | കുട്ടികൾ വായനയുടെ ലോകത്തേക്ക് കൊണ്ട് വരൽ | • തെരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തകശേഖരം (അറബിക് - ലൈബ്രറി) | 6 മാസം | സ്കൂൾ ലൈബ്രേറിയൻ, BRC രക്ഷിതാക്കൾ | 1500 | |
| 3 | നല്ല വായനക്കാരാക്കുക | • പുസ്തകങ്ങൾ<br>• ചിത്രകഥ (അറബിക്)<br>• കഥാപുസ്തകങ്ങൾ (അറബിക്)<br>• അറബി കിസ്സ് | | | | |

# <u>സംസ്കൃതം - യു പി വിഭാഗം- പ്രവർത്തന പദ്ധതി മാർഗ്ഗരേഖ</u>

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ഫണ്ട് | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | വായന<br><br>ലേഖനം<br><br>ഐ സി ടി | • വായന മത്സരങ്ങൾ സംസ്കൃത ചിത്രകഥാപുസ്തകങ്ങൾ ശേഖരിക്കൽ<br>• രചനാശേഷി വളർത്തൽ<br>• വായനകാർഡ് നിർമ്മാണം<br>• ചുമർപത്രിക നിർമ്മാണം<br>• ഡയറി തയ്യാറാക്കൽ<br>• ഐ സി ടി നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് കവിതാലാപനം, കഥാകഥനം, സംഭാഷണം, സുഭാഷിതം തുടങ്ങിയ കേൾപ്പിക്കൽ കുട്ടികൾക്ക് സംസ്കൃതം ടൈപ്പിംഗിൽപരിശീലനം നൽകൽ | 2023-24 | സബ്ജക്റ്റ് കൗൺസിൽ | | |
| | സംസ്കൃ ശിബിരം | • സംസ്കൃത ശില്പശാല ശിബിരം നടത്തൽ<br>• സംസ്കൃതത്തിൽ സംഭാഷണം ചെയ്യാനുള്ള ശേഷി വർദ്ധിപ്പിക്കൽ, പ്രശ്നോത്തരി നടത്തുക | | | | |
| | സംസ്കൃത ലൈബ്രറി | • ചെറിയ പുസ്തകങ്ങൾ സജ്ജീകരിക്കൽ | | | | |

## ഉറുദു - പ്രവർത്തന പദ്ധതി മാർഗ്ഗരേഖ

**ലക്ഷ്യങ്ങൾ :** വിവിധ ദിനാരചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക

ഉറുദു ഭാഷയെക്കുറിച്ച് സമാന്യ അവബോധം വളർത്തിയെടുക്കുക.

| ക്രമ നമ്പർ | പ്രവർത്തനം | പ്രവർത്തനഘട്ടം | കാലയളവ് | ചുമതല | ഫണ്ട് | മോണിറ്ററിംഗ് |
|---|---|---|---|---|---|---|
| 1 | ഏക് ദിൻ ഏക് ലഫ്സ് (ഒരുദിവസം ഒരു പദം) | ഉറുദു ക്ലബ് നോട്ടീസ് ബോർഡിൽ ഉറുദു ഭാഷയിൽ സാമാന്യം അറിഞ്ഞിരിക്കേണ്ട പദങ്ങൾ ഓരോ ദിവസവും എഴുതി പ്രദർശിപ്പിക്കുന്നു. | ഒരുവർഷം | ഉർദു അധ്യാപകർ ക്ലബ് കൺവീനർ | 2000 | എച്ച് എം സബ്ജക്റ്റ് കൗൺസിൽ |
| 2 | സുരീലി ആവാസ് വായന | വായനാമത്സരം, ക്വിസ്സ് മത്സരം, പത്രവായന, മാസിക വായന, വായനാ കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ | വിവിധ ദിനാചരണങ്ങളിൽ | ഉർദു സബ്ജക്ട് കൗൺസിൽ | 1500 | എച്ച് എം സബ്ജക്റ്റ് കൗൺസിൽ |
| 3 | ഇൽമ് കി ദുനിയാ (അറിവിന്റെ ലോകം) | ആഴ്ചതോറും ഉർദു ഭാഷയുമായി ബന്ധപ്പെട്ട 10 ചോദ്യാവലി നോട്ടീസ് ബോർഡിലും വാട്സ്ആപ്പ് ഗ്രൂപ്പിലും പ്രദർശിപ്പിക്കുന്നു ആഴ്ചയിൽ വിജയികളെ കണ്ടെത്തുന്നു. വർഷാവസാനം ഒരു മെഗാ ക്വിസ്സ് നടത്തുന്നു. | ഒരു വർഷം | ഉർദു സബ്ജക്ട് കൗൺസിൽ | 1500 | എച്ച് എം സബ്ജക്റ്റ് കൗൺസിൽ |